**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** **21-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര ഫ്ലാറ്റുകളാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 3 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫ്ലാറ്റുകൾ ഏതെല്ലാം സ്ഥലങ്ങളിലാണെന്നും അവയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ? | (ബി) | i)പൂവച്ചൽ പഞ്ചായത്തിൽ 3 ബ്ലോക്കുകളിലായി 112 ഭവനങ്ങൾ, 2 അംഗൻവാടി എന്നിവ ഉൾപ്പെടെ 114 യൂണിറ്റുകളാണ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തികളുടെ സ്ട്രക്ചറൽ ഡിസൈൻ അംഗീകാരത്തിനായി ഗവ. എൻജിനീയറിംഗ് കോളേജിൽ സമർപ്പിച്ചിരിക്കുകയാണ്.<br><br>i)മടവൂർ ഗ്രാമപഞ്ചായത്തിൽ 4 നിലകളിലായി 36 ഭവന യൂണിറ്റുകൾ നിർമ്മിക്കുന്നതിന് കെട്ടിടത്തിന്റെ അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഏറ്റെടുത്ത ഏജൻസി കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ട് പ്രവൃത്തി നിർത്തിവെച്ചിരിക്കുകയാണ്.<br><br>iii).അഴൂർ ഗ്രാമപഞ്ചായത്തിൽ 4 നിലകളിലായി 44 ഭവനങ്ങൾ അടങ്ങിയ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 09.02.2020-ൽ കരാർ ഉടമ്പടി നടത്തിയെങ്കിലും റവന്യൂ വകുപ്പിൽ നിന്നും ഭവന സമുച്ചയ നിർമ്മാണത്തിന് അഴൂർ പഞ്ചായത്തിന് ഭൂമി പാട്ടത്തിന് നൽകുന്ന വിഷയത്തിൽ തീരുമാനം ഇതുവരെ ലഭിക്കാത്തതിനാൽ സ്ഥലം കരാറുകാരന് കൈമാറുവാൻ സാധിച്ചില്ല. തുടർന്ന് കരാർ ഉടമ്പടി റദ്ദ് ചെയ്യണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 09.05.2024-ന് കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ